(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്രോസ് ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇതുവരെ പരിഗണനയിലില്ല.

(സി) ഫണ്ട് ലഭിക്കുന്ന മുറക്ക് പദ്ധതി സാമ്പത്തികമായി അഭികാമ്യമാണെന്നു കണ്ടാൽ നടപ്പിലാക്കുന്നതാണ്.

130 (1674) ചൈനയുടെ സഹായത്തോടുകൂടിയുള്ള ജലവൈദ്യുത പദ്ധതികൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനയുടെ സഹായത്തോടുകൂടി ജലവൈദ്യുതപദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നുവോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) അദ്ദേഹം എത്ര പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുവാനുള്ള നിർദ്ദേശമാണ് വച്ചത്;

(സി) പ്രസ്തുത നിർദ്ദേശം സ്വീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു. ഇതുവരെ വൈദ്യുതി ഉൽപാദനത്തിന് ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത ചാലിയാർ നദീതടത്തിൽ 49 ചെറുകിട പദ്ധതികളിലൂടെ 139.9 മെഗാവാട്ട് വൈദ്യുതശേഷി സൃഷ്ടിക്കുവാനുള്ള സാദ്ധ്യതകളുള്ളതിൽ ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ച് 12 പദ്ധതികളിലൂടെ 103 മെഗാവാട്ട് ശേഷി 3 വർഷംകൊണ്ട് കൈവരിക്കാനാകുമെന്ന് എനർജി മാനേജ്മെന്റ് സെന്ററിന്റെ ഡയറക്ടർ ചൂണ്ടിക്കാണിച്ചിരുന്നു.

(ബി) 12 പദ്ധതികൾ

(സി) പ്രസ്തുത നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുകയും വിശദാംശങ്ങൾ പരിശോധിച്ച് മേൽനടപടികൾ ആരംഭിക്കുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തു. വൈദ്യുതി ബോർഡ് ചെറുകിട ജലവൈദ്യുതി വിഭാഗം ചീഫ് എഞ്ചിനീയർ ഈ നിർദ്ദേശം ആഴത്തിൽ പഠിച്ചശേഷം ലഭ്യമായ ഊർജ്ജസ്രോതസ്സുകളുടെ പരമാവധി ഉപയോഗം ലക്ഷ്യമാക്കി 12 പദ്ധതികളുടെ പട്ടികയിൽനിന്നും 3 എണ്ണം ഒഴിവാക്കി, മറ്റു ചിലവയും ചേർത്ത് 18 പദ്ധതികളിലൂടെ കേരളത്തിൽ 107 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാവുമെന്ന് നിർദ്ദേശിച്ചു. ഒഴിവാക്കിയ 3 പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കൾ വലിയ ചാലിപ്പുഴ പദ്ധതിക്ക് കൂടുതൽ സാദ്ധ്യത വർദ്ധിപ്പിക്കുമെന്നും കണ്ടെത്തി. 10-03-1998-ൽ അന്നത്തെ വൈദ്യുതി ബോർഡ് ചെയർമാൻ ബന്ധപ്പെട്ട ബോർഡ് എഞ്ചിനീയർമാരുടെയും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടേയും ഒരു സംയുക്തയോഗം വിളിച്ചു ചേർത്ത് ഈ പദ്ധതികൾ എളുപ്പത്തിൽ നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 4 പദ്ധതികൾ പൈലറ്റ് പ്രോജക്ടുകൾ ആയി ഈ വർഷംതന്നെ തുടങ്ങുന്നതിനും ബാക്കി പദ്ധതികൾ അടുത്തവർഷം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

131 (1675) ചൈനീസ് സഹായസഹകരണത്തോടെ നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനീസ് സഹായസഹകരണത്തോടെ എത്ര ചെറുകിട ജലസേചന പദ്ധതികൾക്ക് കെ.എസ്.ഇ.ബി. കരാർ ഒപ്പിട്ടിട്ടുണ്ട്;

(ബി) ഏത് കമ്പനിയുമായാണ് കരാർ ഒപ്പിട്ടത്;

(സി) ഈ കമ്പനി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതാണോ;

(ഡി) കമ്പനിയുടെ ഏതെങ്കിലും വർഷത്തെ പ്രവർത്തന റിപ്പോർട്ടോ സാമ്പത്തിക റിപ്പോർട്ടോ കെ.എസ്.ഇ.ബി.ക്കോ, സർക്കാരിനോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ കമ്പനിയെ തെരഞ്ഞെടുത്ത രീതി എപ്രകാരമാണ്;

(എഫ്) കമ്പനിയുമായി ഒപ്പിട്ട ധാരണാപത്രം ഉൾപ്പെടെയുള്ള മുഴുവൻ കരാറുകളുടേയും പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഇതുസംബന്ധിച്ച സർക്കാരിന്റെ ഉത്തരവ് വെളിപ്പെടുത്തുമോ;

(എച്ച്) ചൈനീസ് കമ്പനിയുമായുള്ള ഇടപാടിന് അമേരിക്കൻ ഡോളർ വിനിമയ നാണ്യമായി നിശ്ചയിച്ചതിന്റെ കാരണമെന്ത്; ഇത് നിശ്ചയിക്കാൻ കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക വിഭാഗത്തിലെ ഏതൊക്കെ ഉദ്യോഗസ്ഥന്മാരാണ് ചുമതലപ്പെട്ടിരുന്നത്;

(ഐ) കെ.എസ്.ഇ.ബി. ഇതുവരെ വിദേശ കമ്പനികളുമായി ഒപ്പിട്ട കരാറുകളിൽ ഓരോന്നിലും വിനിമയ നിരക്കു നിശ്ചയിച്ചത് ഏതൊക്കെ രാജ്യത്തിന്റെ നാണയങ്ങൾ അടിസ്ഥാനമാക്കിയാണെന്ന് വിശദമാക്കുമോ;

(ജെ) ചൈനീസ് കമ്പനിയുമായുള്ള കരാറിന് ചൈനീസ് നാണയം അടിസ്ഥാനമാക്കാതെ കരാർ വ്യവസ്ഥ ഉണ്ടാക്കിയത് ബോർഡിന് എത്രമാത്രം അധിക സാമ്പത്തികബാദ്ധ്യത വരുത്തി വയ്ക്കും;

(കെ) ഇതിനിടയാക്കിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചൈനീസ് സഹായസഹകരണത്തോടെ ചെറുകിട ജലസേചന പദ്ധതികൾക്ക് കെ.എസ്.ഇ.ബി. കരാർ ഒപ്പു വച്ചിട്ടില്ല.

(ബി)-(എച്ച്) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly